# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.882 20.03.2013-ൽ മറുപടിക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ആകെ എത്ര കുടിവെള്ളപദ്ധതികൾക്കാണ് ജലവിഭവ വകുപ്പ് അനുമതി നൽകിയിട്ടുള്ള തെന്നും അവ ഏതെല്ലാം വിഭാഗത്തിൽ പ്പെടുന്നവ യാണെന്നും അറിയിക്കുമോ ; | (എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ജലവിഭവ വകുപ്പ് അനുമതി നൽകിയ മൂന്നു പദ്ധതികളാണുള്ളത്. ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ഈ പദ്ധതികളിൽ ഒന്ന് എ.ആർ.ഡബ്ല്യൂ.എസ്. എസ്. പദ്ധതി പ്രകാരവും രണ്ടെണ്ണം പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുമുള്ള അധിക കേന്ദ്രസഹായത്തോടുകൂടി നടപ്പിലാക്കുന്നവയുമാണ്. |
| (ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും എന്നാണ് നിർമ്മാണം ആരംഭിച്ചത് എന്നും അവയിൽ ഏതെല്ലാം പദ്ധതികളാണ് പൂർത്തിയായി ട്ടുള്ളതെന്നും വ്യക്തമാക്കുമോ;<br><br>(സി) പൂർത്തിയാകാത്ത പദ്ധതികൾ ഏതെല്ലാമാണെന്നും അവ പൂർത്തിയാകേണ്ടിയിരുന്ന തീയതി എന്നായിരുന്നു വെന്നും അറിയിക്കുമോ ; | (ബി) യും (സി) യും മാലോത്ത് ബളാൽ ശുദ്ധജലവിതരണ പദ്ധതി 2001 - ൽ നിർമ്മാണം ആരംഭിച്ചു. കാരാട്ട് പട്ടികജാതി കോളനി കുടിവെള്ള പദ്ധതി 2010 ലും കുറുകുട്ടിപ്പൊയിൽ പട്ടികജാതി കോളനി കുടിവെള്ള പദ്ധതി 2012 ലും നിർമ്മാണം ആരംഭിച്ചു. ഈ പദ്ധതികളൊന്നും പൂർത്തീകരിച്ചിട്ടില്ല. ഇതിൽ മാലോത്ത് ബളാൽ പദ്ധതി 2012 ലും കാരാട്ട് കുടിവെള്ള പദ്ധതിയും കുറുകുട്ടി കുടിവെള്ള പദ്ധതിയും 2011 ലും പൂർത്തീകരിക്കേണ്ടിയിരുന്നവയാണ് |

| | |
|---|---|
| (ഡി) പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ ? | മാലോത്ത് ബളാൽ ശുദ്ധജലവിതരണ പദ്ധതിയുടെ പ്ലാന്റ് നിർമ്മിക്കാനാവശ്യമായ സ്ഥലം പഞ്ചായത്ത് 2012 മാർച്ച് മാസമാണ് കൈമാറ്റം ചെയ്തത്. തുടർന്ന് പ്ലാന്റിന്റെ പ്രവൃത്തി ടെണ്ടർ ചെയ്യുകയും പ്രവൃത്തി ഇപ്പോൾ പുരോഗമിക്കുകയും ചെയ്യുന്നു. 2013 മേയ് മാസത്തിൽ പ്ലാന്റിന്റെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൊന്നക്കാട് - വെള്ളരിക്കുണ്ട് പി.ഡബ്ല്യൂ.ഡി റോഡിൽ സ്ഥാപി ക്കുന്ന മെയിൻ പൈപ്പുകൾക്ക്, റോഡ് വികസനത്തിന്റെ ഭാഗമായി പി.ഡബ്ല്യൂ.ഡി നടത്തിയ പ്രവൃത്തികൾ കാരണം കേടുപാടുകൾ സംഭവിക്കുകയും റോഡിനടിയിലാവുകയും ചെയ്തിട്ടുണ്ട്. ഈ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി ടെണ്ടർ ചെയ്തുവെങ്കിലും മഴക്കാലം കഴിഞ്ഞ് നവംബർ മാസത്തോടുകൂടി മാത്രമേ പ്രവൃത്തി തുടങ്ങാൻ കഴിയുകയുള്ളൂ. ഇക്കാരണങ്ങളാലാണ് പദ്ധതി പൂർത്തീകരിക്കാൻ കാലതാമസം ഉണ്ടായത്.<br>കാരാട്ട് കോളനി കുടിവെള്ള പദ്ധതിയുടെ എല്ലാ പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പമ്പ് ഹൗസിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് അനുവദിക്കാത്തത് കാരണം വൈദ്യുതീകരിക്കാൻ കഴിഞ്ഞിട്ടില്ല.<br>കുറുകുട്ടിപൊയിൽ കുടിവെള്ള പദ്ധതിക്കുവേണ്ടി കുഴിച്ച കുഴൽകിണറിൽ ആവശ്യത്തിന് വെള്ളം ലഭ്യമായില്ല. |

വെസ്റ്റ് എളേരി കുടിവെള്ള പദ്ധതിയിൽ നിന്നും ജലം ലഭ്യമാക്കി പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചത്. എന്നാൽ വെസ്റ്റ് എളേരി പഞ്ചായത്തിൽ നിന്നും ഇതിനുള്ള അനുമതി ലഭിക്കുവാൻ താമസം നേരിട്ടു.

സെക്ഷൻ ഓഫീസർ